REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 29-01-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **അടുത്ത സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് മന്ത്രി KN ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ചു.**
- **ബജറ്റിൽ 1.82 ലക്ഷം കോടി രൂപ റവന്യൂ വരവും, 2.4 ലക്ഷം കോടി രൂപ ആകെ ചെലവും പ്രതീക്ഷിക്കുന്നതായി K.N.ബാലഗോപാൽ.**
- **സാമൂഹ്യ സുരക്ഷാ പെൻഷനടക്കം ക്ഷേമപദ്ധതികൾക്ക് ബജറ്റിൽ 14,500 കോടി രൂപ വകയിരുത്തി.**
- **2025-26 ലെ സാമ്പത്തിക സർവെ റിപ്പോർട്ട് ധനമന്ത്രി നിർമ്മല സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ചു.**
- **സ്വർണവിലയിൽ ഇന്ന് വൻ വർദ്ധന. പവന് ഒരു ലക്ഷത്തി 31,160 രൂപയായി.**

## വാർത്തകൾ വിശദമായി

അടുത്ത സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് മന്ത്രി KN ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ചു. രണ്ട് മണിക്കൂറും 51 മിനിറ്റും ദൈർഘ്യമേറിയതായിരുന്നു ബജറ്റ് പ്രസംഗം. രണ്ടാം പിണറായി ഗവൺമെന്റിന്റെ അവസാന ബജറ്റും മന്ത്രി ബാലഗോപാൽ അവതരിപ്പിച്ച ആറാമത്തെ ബജറ്റുമാണിത്. 1.82 ലക്ഷം കോടി രൂപ റവന്യൂ വരവും, 2.4 ലക്ഷം കോടി രൂപ ആകെ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റാണ് ധനമന്ത്രി അവതരിപ്പിച്ചത് ..................

(HOLD - മന്ത്രി ബാലഗോപാൽ)

✪✪✪

LDF ഗവൺമെന്റ് പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്ത എല്ലാ കാര്യങ്ങളും നടപ്പാക്കിയതായി ബജറ്റ് അവതരിപ്പിച്ച ധനമന്ത്രി പറഞ്ഞു. പ്രതിപക്ഷത്തിന് ഉന്നയിക്കാൻ കഴിയുന്ന കാര്യങ്ങൾ ക്ഷമയോടെ കേൾക്കാൻ കാത്തിരിക്കുന്ന ഗവൺമെന്റാണിതെന്നും ബജറ്റിന്റെ ആമുഖപ്രസംഗത്തിൽ KN ബാലഗോപാൽ പറഞ്ഞു. സംസ്ഥാനത്തെ ജനങ്ങളുടെ ഒത്തൊരുമയും ശാന്തിയും സമാധാനവും എല്ലാവരെയും ആകർഷിക്കുന്ന ഘടകമാണെന്നും ഇതിന് മുഴുവൻ ജനങ്ങളെയും അഭിനന്ദിക്കുന്നതായും മന്ത്രി പറഞ്ഞു. മത വർഗീയ ശക്തികളുടെ പ്രവർത്തനങ്ങളെ കരുതിയിരിക്കണമെന്ന് ബാലഗോപാൽ നിർദേശിച്ചു.

സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെട്ടതായും ബജറ്റ് പ്രസംഗത്തിൽ ബാലഗോപാൽ വ്യക്തമാക്കി. കേന്ദ്രം അർഹമായ വിഹിതം നൽകാതിരുന്നിട്ടും, ധനനില അഭിമാനകരമായ പുരോഗതി കൈവരിച്ചതായും മന്ത്രി അവകാശപ്പെട്ടു. സംസ്ഥാനത്തിന്റെ കടം താങ്ങാവുന്ന പരിധിയിലാണെന്നും ബാലഗോപാൽ അറിയിച്ചു. കേന്ദ്ര അവഗണനയിലും പിടിച്ചു നിന്ന സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം അഞ്ച് വർഷത്തിനിടെ വർദ്ധിച്ചതായും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ നികുതിദായകർക്ക് പുരസ്കാരം നൽകുമെന്നും, വികസന ക്ഷേമ ചെലവുകൾ വെട്ടി കുറച്ചിട്ടില്ലെന്നും മന്ത്രി അറിയിച്ചു. കേരളത്തിന്റെ കടവും ആഭ്യന്തര ഉത്പാദനവും തമ്മിലെ അന്തരം കുറഞ്ഞതായും പറഞ്ഞ മന്ത്രി, സംസ്ഥാന ജീവനക്കാരുടെ ഡിഎ കുടിശ്ശിക പരിഹരിക്കുമെന്നും വ്യക്തമാക്കി.

കേന്ദ്ര ഗവൺമെന്റിന്റെ GST പരിഷ്കരണത്തിലൂടെ സംസ്ഥാന ഗവൺമെൻറിന് 8000 കോടി രൂപ നഷ്ടമുണ്ടായതായും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ ഖരമാലിന്യ സംസ്കരണത്തിന് 160 കോടി രൂപ ബജറ്റിൽ വകയിരുത്തി. വയനാട് ചൂരൽമല- മുണ്ടക്കൈ ദുരന്തത്തിനിരയായവർക്ക് ഫെബ്രുവരി മൂന്നിന് ആദ്യ ബാച്ച് വീടുകൾ കൈമാറുമെന്ന് കെ എൻ ബാലഗോപാൽ അറിയിച്ചു. കെ എസ് ആർ ടി സി ജീവനക്കാർക്ക് ഒന്നാം തീയതി ശമ്പളം കൊടുക്കുന്ന സംസ്ഥാനമായി കേരളം മാറിയെന്നും ബാലഗോപാൽ പറഞ്ഞു. സംസ്ഥാനത്തെ ഐ ടി കമ്പനികളുടെ എണ്ണം 1160 ആയി വർധിച്ചെന്നും, 10 ലക്ഷം ഹെക്ടർ ഭൂമിയിൽ ഡിജിറ്റൽ സർവേ പൂർത്തിയാക്കിയതായും മന്ത്രി അറിയിച്ചു. സംസ്ഥാനത്ത് പവർകട്ടും, ലോഡ്

ഷെഡിങ്ങും ഇല്ലാത്തത് അഭിമാനകരമായ നേട്ടമാണെന്ന് ബജറ്റ് പ്രസംഗത്തിൽ മന്ത്രി അവകാശപ്പെട്ടു.

✪✪✪

സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷനടക്കം ക്ഷേമപരിപാടികൾക്ക് ബജറ്റിൽ 14,500 കോടി രൂപ വകയിരുത്തി. അംഗൻവാടി, ആശാവർക്കർമാർ, ഹെൽപ്പർമാർ, സ്കൂൾ പാചക തൊഴിലാളികൾ, പ്രീ-പ്രൈമറി അധ്യാപകർ, എന്നിവരുടെ വേതനം വർദ്ധിപ്പിക്കാൻ തിരുമാനിച്ചു. അംഗൻവാടി ജീവനക്കാരുടെ പ്രതിമാസ വേതനത്തിൽ 1000 രൂപയും, ഹെൽപ്പർമാർക്ക് 500 രൂപയും, ആശാവർക്കർമാർക്ക് 1000 രൂപയും, പ്രീപ്രൈമറി അധ്യാപകർക്ക് 1000 രൂപയുമാണ് ബജറ്റിൽ വർദ്ധിപ്പിച്ചത്. സ്കൂൾ പാചക തൊഴിലാളികളുടെ ദിവസവേതനത്തിൽ 25 രൂപയുടെ വർദ്ധനയാണ് വരുത്തിയത്. സംസ്ഥാനത്തെ സാക്ഷരതാ പ്രേരക്മാരുടെ പ്രതിമാസ വേതനം 1000 രൂപയായും വർദ്ധിപ്പിച്ചു.

മുഖ്യമന്ത്രിയുടെ കണക്ട് ടു സ്കോളർഷിപ്പ് പദ്ധതിക്കായി ബജറ്റിൽ 400 കോടി രൂപ മാറ്റി വെക്കുന്നതായി ബജറ്റ് അവതരിപ്പിച്ച മന്ത്രി KN ബാലഗോപാൽ പറഞ്ഞു. മുഖ്യമന്ത്രി പ്രഖ്യാപിച്ച സ്ത്രീ സുരക്ഷാ പദ്ധതിക്കായി 3,820 കോടി രൂപയാണ് വകയിരുത്തിയത്.

✪✪✪

മലയാളത്തിന് പ്രാധാന്യം ലഭിക്കുന്ന പദ്ധതിയായ മലയാള ഭാഷാ മാതൃകാ ചലഞ്ചിന് ഒരു കോടി രൂപ ബജറ്റിൽ വകയിരുത്തി. ദാവോസിൽ ലോക സാമ്പത്തിക ഫോറത്തിൽ 1.88 ലക്ഷം കോടി രൂപയുടെ നിക്ഷേപ താത്പര്യ പത്രം ഒപ്പു വച്ചതായി മന്ത്രി അറിയിച്ചു. കേരള കലാ കേന്ദ്രങ്ങൾക്ക് ആദ്യ ഘട്ടത്തിൽ 10 കോടി രൂപയും സ്മാർട്ട് ഓട്ടോ സ്റ്റാൻഡുകൾക്ക് 20 കോടി രൂപയുമാണ് നീക്കിവെച്ചത്. സംസ്ഥാനത്തെ അനൗദ്യോഗിക ഓട്ടോ സ്റ്റാൻഡുകൾ സ്മാർട്ട് സ്റ്റാൻഡുകളാക്കുമെന്നും ഹരിത കർമ സേനയ്ക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്...............

....(വോയ്സ്)...

സ്കൂൾ വിദ്യാർത്ഥികൾക്ക് അപകട ഇൻഷുറൻസിന് 15 കോടി രൂപയും ഓട്ടോ റിക്ഷ ടാക്സി തൊഴിലാളികൾക്ക് കുറഞ്ഞ ചെലവിൽ അപകട ഇൻഷുറൻസ് ഏർപ്പെടുത്തും. പൊതുമേഖയിൽ പ്രവർത്തിക്കുന്നവർക്കും വിരമിച്ചവർക്കും മെഡിസെപ് മാതൃകയിൽ ഇൻഷുറൻസ് നേറ്റിവിറ്റി കാർഡിന് 20 കോടി രൂപ.

ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കി. മെഡിസെപ് 2.0 ഫെബ്രുവരി 1 മുതൽ കമ്മ്യൂണിറ്റി കിച്ചന് 10 കോടി. യുവജന ക്ലബ്ബുകൾക്ക് പ്രതിവർഷം 10000 രൂപ പ്രവർത്തന ഗ്രാന്റ് നൽകും ഇതിലേക്കായി 5 കോടി രൂപ നീക്കിവെച്ചു. കേരളത്തിലെ മത സാമുദായിക സാഹോദര്യ ചരിത്രം രേഖപ്പെടുത്താൻ പത്തു കോടി രൂപ.

സംസ്ഥാനത്തെ ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപകട ലൈഫ് ഇൻഷുറൻസ് പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചു. ഇതിന് 15 കോടി രൂപ ബജറ്റിൽ വകയിരുത്തി. കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് മാർക്കറ്റിങ് ശൃംഖലയ്ക്കായി,22.27 കോടി വകയിരുത്തി.

മൃഗ സംരക്ഷണത്തിന് 318.46 കോടിയും . പുനർഗേഹം പദ്ധതിക്കായി 64.2 കോടിയുമാണ് വകയിരുത്തിയത്. മത്സ്യ തൊഴിലാളി ഗ്രൂപ്പ് ഇൻഷുറൻസിന് 100 കോടിയും. മത്സ്യ ഫാമുകൾക്ക് 18 കോടി രൂപയുമാണ് ബജറ്റിൽ നീക്കി വെച്ചത് .സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖ വികസനത്തിന് 20 കോടി രൂപയും വനം വന്യജീവി പ്രവർത്തനങ്ങൾക്ക് 100 കോടിരൂപയും വകയിരുത്തി. ക്ലീൻ പമ്പയ്ക്ക് 30 കോടിയും. ക്ഷീര വികസനത്തിന് 128.08 കോടിരൂപയും. കുടുംബശ്രീക്ക് 225 കോടിരൂപയുമാണ് ചെലവഴിക്കുക. കേരള ചിക്കൻ പദ്ധതി വിപുലീകരിക്കും.

ലൈഫ് സയൻസ്പാർക്കിന് 35 കോടിയും, മെഡിക്കൽ ഡിവൈസ് പാർക്കിന് 30 കോടിരൂപയും . എം.എസ്.എം.ഇ മേഖലയ്ക്ക് 310.84 കോടിയും . കാസർകോട് വികസനപാക്കേജിന് - 80 കോടിയും കുട്ടനാട് പാക്കേജിന് 75 കോടിയും വയനാട് പാക്കേജിന് -80 കോടിരൂപയും . കെ ഫോൺ പദ്ധതിക്ക് 112.44 കോടി രൂപയുമാണ് ബജറ്റിൽ നീക്കി വച്ച തുക.

✪✪✪

തിരുവനന്തപുരത്ത് V.S.അച്യുതാനന്ദൻ സെന്റർ സ്ഥാപിക്കുന്നതിന് 20 കോടി രൂപ വകയിരുത്തി. KSEB യുടെ വിവിധ പദ്ധതികൾക്കായി 1,238 കോടി രൂപയും, പബ്ലിക്ക് വൈഫൈക്ക് 15 കോടി രൂപയും, പ്രവാസി വ്യവസായ പാർക്ക് തുടങ്ങാൻ 20 കോടി രൂപയും വകയിരുത്തി.

കേര പദ്ധതിയ്ക്ക് 100 കോടിയും, നെല്ല് വികസന പദ്ധതിക്ക് 78 കോടി 45 ലക്ഷം രൂപയും, റോഡ് സുരക്ഷയ്ക്ക് 23 കോടി 37 ലക്ഷം രൂപയും നീക്കിവെച്ചു.

സംസ്ഥാന പത്രപ്രവർത്തക പെൻഷൻ 1,500 രൂപ കൂട്ടി 13,000 രൂപയാക്കി. ആശ്വാസ കിരണം പദ്ധതി തുക 50 കോടി രൂപയിൽ നിന്നും 100 കോടി രൂപയാക്കി വർധിപ്പിച്ചു

സംസ്ഥാനത്തെ ജയിലുകളുടെ നവീകരണത്തിന് 47 കോടി രൂപയും, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയ്ക്ക് 200 കോടി രൂപയും, ലൈഫ് പദ്ധതിയ്ക്ക് 1,497 കോടി 26 ലക്ഷം രൂപയും, പട്ടിക ജാതി വികസനത്തിന് 3,507 കോടി രൂപയും വകയിരുത്തി.

✪✪✪

ബജറ്റ് അവതരണത്തിന് ശേഷം സഭ ഇന്നത്തേക്ക് പിരിഞ്ഞു. ഫെബ്രുവരി രണ്ടിന് വീണ്ടും സമ്മേളിക്കുന്ന സഭയിൽ നാല് വരെ ബജറ്റിന്മേൽ ചർച്ച നടത്തും.

✪✪✪

തിരഞ്ഞെടുപ്പിന് മുൻപ് ജനങ്ങളെ കബളിപ്പിക്കുന്ന ബജറ്റാണ് മന്ത്രി K.N.ബാലഗോപാൽ അവതരിപ്പിച്ചതെന്ന് പ്രതിപക്ഷ നേതാവ് V.D.സതീശൻ ആരോപിച്ചു. 10 വർഷം ഭരിച്ചിട്ട് ചെയ്യാത്ത കാര്യങ്ങൾ ചെയ്യുമെന്ന് പ്രഖ്യാപിക്കുന്ന ബജറ്റാണിതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ബജറ്റിന്റെ പവിത്രത നഷ്ടപ്പെട്ടതായും വി ഡി സതീശൻ കുറ്റപ്പെടുത്തി.

✪✪✪

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തോട് അനുബന്ധിച്ച്, 2025-26 ലെ സാമ്പത്തിക സർവേ റിപ്പോർട്ട് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ചു. ഫെബ്രുവരി ഒന്ന് - ഞായറാഴ്ചയാണ് കേന്ദ്ര ബജറ്റ്. ചരിത്രത്തിൽ ആദ്യമായാണ് ഞായറാഴ്ച കേന്ദ്ര ബജറ്റ് അവതരിപ്പിക്കുന്നത്.

2017 മുതൽ ഫെബ്രുവരി ഒന്നിന് കേന്ദ്ര ബജറ്റ് അവതരിപ്പിക്കുന്ന രീതി ഇത്തവണയും തുടരാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കുകയായിരുന്നു. ഇന്ത്യയുടെ ഒരു ധനമന്ത്രി തുടർച്ചയായി അവതരിപ്പിക്കുന്ന ഒൻപതാമത് ബജറ്റ് എന്ന പ്രത്യേകത ഞായറാഴ്ച അവതരിപ്പിക്കുന്ന കേന്ദ്ര ബജറ്റിനുണ്ട്. പുതിയ സെൻട്രൽ വിസ്തയുടെ ഭാഗമായ കർത്തവ്യ ഭവനിൽ തയ്യാറാക്കുന്ന ആദ്യ ബജറ്റാണ് നിർമല സീതാരാമൻ അവതരിപ്പിക്കുന്നത്.

30 സിറ്റിങ്ങുകൾ ഉള്ള പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ഘട്ടം അടുത്ത മാസം 13 വരെയും രണ്ടാം ഘട്ടം മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെയും നടക്കും.

✪✪✪

ഇന്ത്യയുടെ ജനാധിപത്യവും ജനസംഖ്യാശാസ്ത്രവുമാണ് ലോകത്തിന്റെ പ്രതീക്ഷയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. പാർലമെന്റ് ഹൗസ് സമുച്ചയത്തിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പാർലമെന്റിന്റെ ഇരുസഭകളെയും അഭിസംബോധന ചെയ്ത രാഷ്ട്രപതിയുടെ പ്രസംഗം 140 കോടി ജനങ്ങളുടെ വിശ്വാസത്തിന്റെ പ്രകടനമാണെന്നും, 2047 ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് അടുത്ത 25 വർഷം നിർണായക കാലഘട്ടമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

സ്വർണ്ണവിലയിൽ ഇന്ന് വൻവർധന. പവന് 8,640 കൂടി ഒരു ലക്ഷത്തി 31,160 രൂപയായി. 1,080 രൂപ വർധിച്ച് 16,395 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പുകൾക്കായി കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ നിരീക്ഷകരെ നിയമിച്ചു.

പശ്ചിമ ബംഗാൾ, അസം, കേരളം, തമിഴ്നാട്, പുതുച്ചേരി എന്നീ സംസ്ഥാനങ്ങളിലേക്കാണ് നിയമനം. പ്രസിദ്ധീകരിച്ച പട്ടികയിൽ ആഭ്യന്തര സെക്രട്ടറി ജഗദീഷ് പ്രസാദ് മീണ ഉൾപ്പെടെ പശ്ചിമ ബംഗാളിൽ നിന്നും 25 മുതിർന്ന ഉദ്യോഗസ്ഥരുടെ പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് തീവ്രവോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് നാളെ വരെ അവസരം. ഓൺലൈനായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെയോ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെയോ വെബ്സൈറ്റുകൾ വഴിയോ BLO മാർ വഴിയോ അപേക്ഷകൾസമർപ്പിക്കാം. സാധാരണ വോട്ടർമാർക്ക് ഫോം -6 ഉം പ്രവാസി വോട്ടർമാർക്ക് ഫോം - 6 A യും ഉപയോഗിക്കാമെന്ന് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ അറിയിച്ചു.

✪✪✪

77-ാമത് റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ സമാപനം കുറിക്കുന്ന ബീറ്റിംഗ് റിട്രീറ്റ് ചടങ്ങ് ഇന്ന് ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ നടത്തും.

രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കും. ചടങ്ങിൽ സംയുക്ത സേനകളുടെയും കേന്ദ്ര സായുധ പോലീസ് സേനകളുടെയും ബാൻഡുകൾ പങ്കെടുക്കും.

ഇത്തവണ വിജയ് ചൗക്കിലെ ഇരിപ്പിടങ്ങൾക്ക്  രാജ്യത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെ പ്രതീകമായി ഇന്ത്യൻ സംഗീതോപകരണങ്ങളുടെ പേരാണ് നൽകിയിരിക്കുന്നത്.

✪✪✪

ബാരാമതിയിൽ, മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാറും, മറ്റ് നാല് പേരും മരിച്ച വിമാനാപകടത്തിൽ, വിമാനത്തിന്റെ ബ്ലാക്ക് ബോക്സ് കണ്ടെടുത്തതായി സിവിൽ വ്യോമയാന മന്ത്രാലയം അറിയിച്ചു. അപകടത്തെത്തുടർന്ന് ആവശ്യമായ അന്വേഷണ സംവിധാനങ്ങൾ സജീവമാക്കിയതായും മന്ത്രാലയം അറിയിച്ചു. ഡൽഹിയിലെ എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയിലെ മൂന്ന് ഉദ്യോഗസ്ഥരുടെ സംഘവും, DGCA-യിലെ മൂന്ന് ഉദ്യോഗസ്ഥരുടെ മറ്റൊരു സംഘവും, AAIB ഡയറക്ടർ ജനറലും ഇന്നലെ അപകടസ്ഥലത്തെത്തി.

✪✪✪

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുമെന്ന  തീരുമാനത്തിൽ കർണാടക ഗവണ്മെന്റ് പ്രകടിപ്പിച്ച ആശങ്കകൾ അടിസ്ഥാനരഹിതമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യക്ക് അയച്ച മറുപടി കത്തിലാണ് മുഖ്യമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. ഭാഷാ ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ ലംഘിക്കുന്ന തരത്തിൽ യാതൊരു വ്യവസ്ഥയും നിയമത്തിലില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ പ്രതിയായ ദേവസ്വം ബോർഡ് മുൻ അംഗം KP ശങ്കരദാസിനെ കൊല്ലം വിജിലൻസ് കോടതിയിൽ ഹാജരാക്കി. റിമാൻഡ് കാലാവധി കഴിഞ്ഞതിനെ തുടർന്നാണ് നടപടി. അസുഖബാധിതനായിരുന്ന  ശങ്കരദാസിന്റെ അറസ്റ്റ് ആശുപത്രിയിൽ എത്തിയാണ് പ്രത്യേക അന്വേഷണസംഘം നേരത്തേ രേഖപ്പെടുത്തിയിരുന്നത്.

✪✪✪

2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലാ പഞ്ചായത്ത്, സ്കിൽ ഡെവലപ്മെന്റ് ആൻഡ് കമ്പ്യൂട്ടർ സെന്റർ മുഖേന തുന്നൽ പരിശീലനം, മ്യൂറൽ പെയിന്റിങ്, കലങ്കാരി വർക്ക്, ഗ്ലാസ് പെയിന്റിങ്, ക്ലേ മോഡലിങ്, ലിക്വിഡ് പെയിന്റിങ് തുടങ്ങിയവയിൽ പരിശീലനം നേടിയ പട്ടികജാതി വനിതകളുടെ വിവിധ ഉൽപന്നങ്ങളുടെ പ്രദർശനവും വിൽപനയും

സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് ഭവനിൽ പരിപാടി പ്രസിഡന്റ് മില്ലി മോഹൻ ഉദ്ഘാടനം ചെയ്തു.

✪✪✪

കേരളത്തിന്റെ സാമൂഹിക ചരിത്രം അടിസ്ഥാനമാക്കി സംസ്ഥാന ഗവൺമെന്റ് സംഘടിപ്പിക്കുന്ന ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസിന്റെ കോഴിക്കോട് ജില്ലാതല മത്സരത്തിന് മീഞ്ചന്ത ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ തുടക്കമായി. സ്കൂൾതല മത്സരം രാവിലെ ആരംഭിച്ചു. ഉച്ചക്ക് ഒന്നേകാലിനാണ് കോളേജ്തല മത്സരം.

✪✪✪

ജപ്പാൻ മസ്തിഷ്ക ജ്വര പ്രതിരോധ കുത്തിവെപ്പ് ക്യാമ്പയിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ഇതുവരെ 43,584 കുട്ടികൾ കുത്തിവെപ്പ് സ്വീകരിച്ചു. സബ് കലക്ടർ S ഗൗതം രാജിന്റെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്.

✪✪✪

ആകാശവാണി മുൻ വാർത്താ അവതാരക രത്നാ ബായിയെ ആകാശവാണി ലിസനേഴ്സ് ഫോറം ആദരിച്ചു. ഫോറം ചെയർമാൻ R.ജയന്ത് കുമാർ വീട്ടിലെത്തി പൊന്നാടയണിയിച്ചു. മുൻ വാർത്താ അവതാരകൻ ഹക്കിം കൂട്ടായി, P.പ്രേമൻ, പ്രകാശ് കരുമല , സലാം വെള്ളയിൽ, ഹാഷിർ അലി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

✪✪✪

മലയാളത്തിന്റെ അനശ്വര പ്രതിഭ തിക്കൊടിയന്റെ അനുസ്മരണം കോഴിക്കോട്ട് സംഘടിപ്പിച്ചു. ചടങ്ങിൽ ആകാശവാണി റിട്ട. സീനിയർ അനൗൺസർ V.നാരായണനെ ആദരിച്ചു. ഉദ്ഘാടനവും ഉപഹാരസമർപ്പണവും മലയാളം സർവ്വകലാശാല. വൈസ് ചാൻസലർ CR പ്രസാദ് നിർവഹിച്ചു. ഡോ. എം എം ബഷീർ, പി.പി. ശ്രീധരനുണ്ണി, തുടങ്ങിയവർ സംസാരിച്ചു.

✪✪✪

അസമിൽ സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റിൽ കേരളം ഇന്ന് മേഘാലയയെ നേരിടും. ഉച്ചയ്ക്ക് രണ്ടിനാണ് മത്സരം.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് UP വാരിയേഴ്സ് റോയൽ ചലഞ്ചേഴ്സ് ബംഗുളൂരുവിനെ നേരിടും. രാത്രി ഏഴരയ്ക്ക് വഡോദരയിലാണ് മത്സരം.

✪✪✪

തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ശനിയാഴ്ച നടക്കുന്ന ട്വന്റി - 20 ക്രിക്കറ്റിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരത്തിനായി ഇന്ത്യ - ന്യൂസിലാന്റ് ടീമുകൾ ഇന്ന് തിരുവനന്തപുരത്തെത്തും. വൈകീട്ട് അഞ്ച് മണിയോടെ പ്രത്യേക ചാർട്ടേർഡ് വിമാനത്തിലാണ് ടീം എത്തുക.

✪✪✪

ഏഴാമത് ഇന്ത്യ ഇന്റർനാഷണൽ കടൽപായൽ ഉച്ചകോടിയും പ്രദർശനവും ഇന്ന് കൊച്ചിയിൽ ആരംഭിക്കും. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടക്കുന്ന രണ്ട് ദിവസത്തെ ഉച്ചകോടി കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*NRTs: സബിത കെ , നിമിഷ ജി*
*DEO : ഷീബ*